ഗീത. കെ.ഇ.

# 'മകനേക്കാൾ ഒരു വയസ് കൂടുതലാ ഇവന്'



'എന്റെ മോനെക്കാൾ ഒരു വയസ്സ് കൂടുതലാണിവന്' കാൽ നൂറ്റാണ്ടിന് ശേഷവും പുതുമ മാറാത്ത തന്റെ പ്രിയപ്പെട്ട റാലി സൈക്കിളിനെ തൊട്ട് രാജേട്ടൻ പറയുന്നു. നാട്ടുകാർക്കും സഹപ്രവർത്തകർക്കും രാജേട്ടനായ എം. എം. രാജൻ ആകാശവാണി കോഴിക്കോടു നിലയത്തിൽ ഡ്രൈവറാണ്.

രാജേട്ടന്റെ സൈക്കിൾ ഭ്രമത്തിന് 35 വർഷത്തെ പഴക്കമുണ്ട്. യു.പി. സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ വാടകക്കെടുത്ത സൈക്കിളിലാണ് ആദ്യപാഠങ്ങൾ അഭ്യസിച്ചത്. അന്നു പണത്തിനൊക്കെ വലിയ ബുദ്ധിമുട്ടാണ്. കുന്നിന്റെ മുകളിലാണ് സ്കൂൾ. ദൂരം കൂടുതലായതുകൊണ്ടു ഉണ്ണാൻ വീട്ടിൽ വരാറില്ല. ഉച്ചക്ക് കപ്പയും മീനും വാങ്ങി കഴിച്ചോ എന്നു പറഞ്ഞ് എന്നും 25 പൈസ അച്ഛൻ തരും ഉച്ച ഭക്ഷണം ഒഴിവാക്കി ആ കാശിനു സൈക്കിൾ വാടകക്കെടുക്കും. കൂട്ടുകാരുമൊത്ത് ഇടവേളകളിൽ അങ്ങിനെ സൈക്കിൾ ചവിട്ടാനാരംഭിച്ചു.

കൂട്ടുകാരുമൊത്ത് എവിടെ പോകാനും സൈക്കിൾ തന്നെ ശരണം. രണ്ടും മൂന്നും പേർ ഒന്നിച്ചാണ് യാത്ര. ഇടക്കൊക്കെ പോലീസ് പിടിക്കും, ഓവർലോഡ് കയറ്റുന്നതിന്. സ്കൂളിൽ പഠിക്കുമ്പോൾ ഇതൊരു സ്ഥിരം പരിപാടിയായിരുന്നു. പോലീസ് പിടികൂടി ടയറിന്റെ കാറ്റഴിച്ചു വിടും. പിന്നെ സൈക്കിൾ ഉന്തി അടുത്ത പെട്ടിക്കട വരെ. അവിടെ നിന്നു കാറ്റടിച്ചു വീണ്ടും യാത്ര തുടരും.

1971 ലാണ് ജോലിയിൽ പ്രവേശിക്കുന്നത്. സർക്കാറിന്റെ കാനേഷുമാരി വിഭാഗത്തിൽ. ഒരുപാട് യാത്രകൾ ആവശ്യം. ജോലിയിൽ രാജേട്ടനെ സഹായിച്ചത് വാട

കക്കെടുത്ത റാലി സൈക്കിൾ. ദിവസം വൈകുന്നേരം വരെ ഉപയോഗിച്ചാൽ കൂടിയാൽ മൂന്ന് രൂപയേ വരൂ. ജോലിയുടെ ഭാഗമായി ദിവസം 40 കി. മീറ്ററോളം സൈക്കിളിൽ സഞ്ചരിച്ചിട്ടുണ്ട്. ചേളന്നൂർ മുതൽ പന്നിയങ്കര വരെയും തിരിച്ചും.


രാവിലെ സൈക്കിളിൽ കയറിയാൽ ജോലി തീർന്നതിന് ശേഷമേ ഇറങ്ങാൻ പറ്റൂ. ഒരു മാസത്തോളം ഇതേ രീതിയിൽ തുടർന്നു. പിന്നെ വീടിന്നടുത്ത വെസ്റ്റ്ഹില്ലിലേക്കു മാറി. 1978 ലാണ് 75 രൂപ കൊടുത്ത് ആദ്യമായി റാലി സൈക്കിൾ സ്വന്തമാക്കിയത്. ഇതു വരെ രണ്ടു സൈക്കിളേ വാങ്ങിയിട്ടുള്ളു. ഇന്നും സൈക്കിളിൽ റാലി തന്നെയാണ് ടോപ്പ് എന്നാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം. റാലി വളരെ സ്മൂത്താണ്. ലോഡ് കൂടുംതോറും സ്പീഡ് കൂടും. ഒട്ടും ആയാസമില്ലാതെ ചവിട്ടാം. വർഷത്തിൽ ഒരിക്കൽ പണി ചെയ്യിക്കണം.

ആകാശവാണിയിൽ ജോലിയിൽ പ്രവേശിച്ച കാലം ഒരു പാട് പേർക്ക് സൈക്കിൾ ഉണ്ടായിരുന്നു. പക്ഷേ ഇന്ന് ആ തലമുറ പോയി. ഷിഫ്റ്റ് അനുസരിച്ച് ജോലി ചെയ്യുമ്പോൾ സൈക്കിൾ കൂടിയേ തീരൂ. പോക്കും വരവുമെല്ലാം വളരെ സൗകര്യപ്രദം. ബസ് കാത്തു നിൽക്കേണ്ട, തിരക്കില്ല, ശരീരത്തിനും മനസ്സിന്നും ഉന്മേഷം തരുന്നു യാത്ര. ഇതുവരെ തനിക്ക് പ്രഷറോ, ഷുഗറോ, കൊളസ്ട്രോളോ ഒന്നും ഇല്ലാതിരിക്കുന്നതിന്റെ കാരണം ഈ സ്ഥിര വ്യായാമമാണെന്ന് രാജേട്ടൻ സാക്ഷ്യപ്പെടുത്തുന്നു.

ഇന്ന് നഗരത്തിലൂടെയുള്ള സൈക്കിൾ യാത്ര പണ്ടത്തെയത്ര സുഖകരമല്ല. വാഹനങ്ങളുടെ പെരുപ്പം തന്നെയാണ് പ്രധാന കാരണം. സൈക്കിളുകാരനെ ബാക്കിയെല്ലാവർക്കും പുച്ഛമാണ്. വലിയ വാഹനങ്ങൾ സൈഡ് തരില്ല. ഗതാഗതകുരുക്കിൽ കാത്തു കെട്ടി കിടക്കുന്ന സമയം കൊണ്ട് ഇന്ധന നഷ്ടത്തിനോ, വായു മലിനീകരണത്തിനോ, ശബ്ദമലിനീകരണത്തിനോ ഇടകൊടുക്കാതെ കൃത്യസമയത്ത് ലക്ഷ്യസ്ഥാനത്തെത്തിക്കുന്ന പാവം സൈക്കിളിനെ തഴയുന്നതിൻെറ കാരണം രാജേട്ടന് അറിയില്ല. മോട്ടോർ സൈക്കിൾ വാങ്ങണം എന്നത് അത്യാവശ്യമായി ഇതുവരെ തോന്നിയിട്ടില്ല. വാങ്ങിയാലും സൈക്കിൾ ഒഴിവാക്കുന്നതിനെക്കുറിച്ച് ചിന്തിക്കില്ലെന്നും അദ്ദേഹം കൂട്ടി ചേർത്തു എന്നാൽ രാജേട്ടന്റെ സൈക്കിൾ ഭ്രമമൊന്നും മക്കൾക്കില്ല. ഇരുപത്തഞ്ചു വർഷത്തെ ഉപയോഗത്തിനിടയിൽ സൈക്കിൾ അപകടങ്ങളിലൊന്നും കൊണ്ടു ചാടിച്ചിട്ടില്ല. ഒരു വലിയ അപകടത്തിൽ നിന്നും രക്ഷപ്പെട്ടിട്ടുണ്ട്.

1971 ലാണ്. നല്ല മഴയുള്ള ദിവസം. സൈക്കിളിൽ കുടയും ചൂടിയാണ് യാത്ര. സമയം ഒമ്പതേകാലോടടുക്കുന്നു. വേങ്ങേരിക്കടുത്ത് വീടിനോടു ചേർന്ന ചെങ്കുത്തായ ഇറക്കം ഇറങ്ങിവരികയാണ്. റോഡിന് വീതിയും കുറവായിരുന്നു. എതിരെ ബസ് കയറ്റം കയറി വരുന്നു. റോഡിന്റെ അരികു ചേർന്ന് കുറച്ചു സ്ത്രീകൾ നടന്നു പോവുന്നു. കുട കയ്യിലുള്ളതുകൊണ്ട് ബെല്ലടിക്കാൻ നിവൃത്തിയില്ല. ബ്രേക്ക് പിടിച്ച് വേഗത കുറച്ച്. സ്ത്രീകളുടെ ദേഹത്തു മുട്ടാതെയും ബസ്സിനടിയിൽ പെടാതെയും ഒരു വിധത്തിലാണ് രക്ഷപ്പെട്ടത്

അമേരിക്കൻ പ്രസിഡന്റ് ബുഷ് വരെ സൈക്കിളിൽ യാത്ര ചെയ്തിട്ടില്ലേ, അദ്ദേഹത്തിനെന്താ കാറ് വാങ്ങാൻ കാശില്ലാഞ്ഞിട്ടാണോ എന്നാണ് രാജേട്ടന്റെ ചോദ്യം. മകനെപ്പോലെ സ്നേഹിക്കുന്ന സൈക്കിളിന് വേണ്ടിയുള്ള ആത്മാർത്ഥമായ ചോദ്യം. ●




പ്ലാച്ചിമട, കോള,
ജലം-ഫോട്ടോ പ്രദർശനം
ബന്ധങ്ങൾക്ക് :
മധുരാജ്, 9847141095.



എക്സ്പ്രസ്സ് ഹൈവേ :
ദുരന്തത്തിലേക്കുള്ള രാജപാത
ലഘുലേഖ, പേജ് 32, വില 5 രൂപ
കോപികൾക്ക് : കേരളീയം, തൃശൂർ- 21. ഫോൺ : 2421385

കേരളീയത്തിൽനിന്ന്
സൈക്കിൾ പുസ്തകം
ആരാണ് സഞ്ചാരിയല്ലാത്തത്? നാമെല്ലാം വിവിധതരം യാത്രക്കാരാണ്. അനുഭവങ്ങൾ, ഓർമ്മക്കുറിപ്പുകൾ, ചിത്രങ്ങൾ, കാർട്ടൂണുകൾ, ആഹ്ലാദങ്ങൾ, കഥകൾ ...... എല്ലാം ഈ പുസ്തകത്തിൽ ചേർക്കണമെന്നുണ്ട്.
സൈക്കിൾ യാത്രികരുടെ പുസ്തകം.
മലയാളത്തിലെ ആദ്യത്തെ സൈക്കിൾ പുസ്തകം.
ബന്ധപ്പെടുക : കേരളീയം, കൊക്കാലെ, തൃശൂർ-21